ഉത്തരം

2015-16 അദ്ധ്യയന വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിലേയ്ക്കായി ലഭിച്ച അപേക്ഷകൾ 10-7-2015-ന് ചേർന്ന സംസ്ഥാനതല ഉപദേശകസമിതി പരിശോധിക്കുകയും പ്രസ്തുത യോഗതീരുമാന പ്രകാരം തയ്യാറാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സ്കൂളുകളുടെ പട്ടികയിൽ ടി സ്കൂളിനെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

ഓപ്പറേഷൻ കുബേര

265 (275) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര മുഖേന എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത പദ്ധതി തുടരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വിപുലമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേരമുഖേന 3548 കേസ്സുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോഴും പദ്ധതി തുടരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി വിപുലമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങളെയും സാമ്പത്തിക ഇടപാടുകാരെയും നിരീക്ഷിക്കുകയും നിയമവിരുദ്ധ സാമ്പത്തിക ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ സ്ഥാപനങ്ങളും വീടുകളും റെയ്ഡ് ചെയ്യുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഓപ്പറേഷൻ സുരക്ഷ പദ്ധതി

266 (276) ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ സുരക്ഷ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly